**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 248** — **01-03-2023 - ൽ മറുപടിയ്ക്ക്**

**എക്സ്പീരിയൻഷ്യൽ ടൂറിസം കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം സ്റ്റേറ്റായി വളർത്തിയെടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പ്രകൃതി സൗന്ദര്യം, കാലാവസ്ഥ, വൈവിദ്ധ്യമാർന്ന ഭൂപ്രകൃതി, സസ്യ-വന്യജീവി സമ്പത്ത് , സാംസ്കാരിക തനിമ എന്നിവയാൽ സമ്പന്നമായ കേരളം വിദേശിയരും സ്വദേശിയരുമായ സഞ്ചാരികളുടെ ഇഷ്ട ഇടമായി ഇതിനകം മാറിയിട്ടുണ്ട് . ലോക ടൂറിസം മേഖലയിലെ മാറ്റങ്ങൾക്ക് അനുസൃതമായി കേരള ടൂറിസവും പുതിയ സ്ട്രാറ്റജികൾ നടപ്പിലാക്കുകയാണ് . സഞ്ചാരലോകത്തിലെ പുതിയ ട്രെൻഡുകളെ സ്വീകരിക്കാൻ കഴിയും വിധം കേരളടൂറിസം നവീകരിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിൽ കേരളത്തെ "ടൂറിസം സ്റ്റേറ്റാക്കി" മാറ്റാനുള്ള ചുവടുവെയ്പുകളാണ് നടത്തുന്നത് . സംസ്ഥാനത്തേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി നിരവധിയായ പ്രചാരണപരിപാടികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്.വിനോദസഞ്ചാരികളുടെ അഭിരുചികളെ അടിസ്ഥാനമാക്കി ഹോംസ്റ്റേ, ആയുർവേദ ടൂറിസത്തിന്റെ പ്രോത്സാഹനം, സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ, എന്നിങ്ങനെ ടൂറിസത്തിന്റെ വിവിധങ്ങളായ മേഖലകളിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള മാർക്കറ്റിംഗ് ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു.<br><br>വിവിധ പ്രവർത്തനങ്ങളിൽ പുതിയ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യു.എൻ. ഡബ്ല്യൂറ്റി.ഒ. യുടെ പുതിയ ടൂറിസം മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിൽ 'സ്ട്രീറ്റ് ' (STREET- Sustainable Tangible, Responsible, Experiential, Ethnic Tourism hubs) പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>വനിതാസഞ്ചാരികൾക്ക് മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിന് വനിതാസൗഹൃദ വിനോദസഞ്ചാര പദ്ധതി നടപ്പാക്കി വരുന്നു.<br><br>സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇനിയും കണ്ടെത്താത്ത ടൂറിസം സാധ്യതകളുള്ള സ്ഥലങ്ങളെ കണ്ടെത്തി അവയെ മികവുറ്റ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുവാൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പേരിൽ ഒരു ടൂറിസം പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>കേരളാ ടൂറിസം സാധ്യത കാണുന്ന മറ്റൊരു മേഖലയാണ് വെഡ്ഡിംഗ് ടൂറിസം. കേരളത്തെ ഒരു വെഡ്ഡിംഗ് ടൂറിസം ഡെസ്റ്റിനേഷനായി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്.<br><br>പുതിയ മേഖലയായ കാരവാൻ ടൂറിസം പദ്ധതി ആവിഷ്കരിച്ചതും ടൂറിസം പ്രോത്സഹനം മുന്നിൽ കണ്ടാണ് . അഗ്രി ടൂറിസം നെറ്റ് വർക്ക് , സാഹസിക വിനോദസഞ്ചാരം, സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പദ്ധതി, നൈറ്റ് ലൈഫ് ടൂറിസം, ബയോഡൈവേഴ്സിറ്റി- ലിറ്ററി സർക്യൂട്ടുകൾ, ടൂറിസം ക്ലബ്ബുകൾ, ഫുഡ് സ്ട്രീറ്റുകൾ, എൻ ഊര് തുടങ്ങിയ പുത്തൻ പദ്ധതികളിലൂടെ വ്യത്യസ്ഥ അഭിരുചികളുള്ള സഞ്ചാരികളെ ആകർഷിക്കാൻ കേരളം സജ്ജമാകുകയാണ്. |
| (ബി) | കോവളം, കുമരകം, ആലപ്പുഴ, മൂന്നാർ തുടങ്ങിയ സംസ്ഥാനത്തെ പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാൻ പദ്ധതിയുണ്ടോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ടൂറിസം വകുപ്പ് നടപ്പാ¯ക്കി വരുന്ന പ്രധാന പ്രവർത്തനമാണ് എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ. കോവളം, കുമരകം, ആലപ്പുഴ, മൂന്നാർ തുടങ്ങിയ സംസ്ഥാനത്തെ പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുമെന്ന് 2023-24 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട് . |
| (സി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് അനായാസം എത്തിച്ചേരുന്നതിന് റോഡ് സൗകര്യവും ഗതാഗത സൗകര്യവും അതോടൊപ്പം സഞ്ചാരികൾക്ക് മികച്ച | (സി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് അനായാസം എത്തിച്ചേരുന്നതിന് റോഡ് സൗകര്യവും ഗതാഗത സൗകര്യവും ഏർപ്പെടുത്തുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സമഗ്രമായ പദ്ധതികൾ |

| | | |
|---|---|---|
| | താമസസൗകര്യവും ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | നടപ്പിലാക്കുന്നു. ചില ഡെസ്റ്റിനേഷനുകളിൽ 'ലാസ്റ്റ്മൈൽ കണക്ടിവിറ്റി' എന്ന നിലയിൽ ടൂറിസം വകുപ്പ് റോഡ് സൗകര്യം ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി, കൊല്ലം, തിരുവനന്തപുരം എന്നീ ഡി.ടി.പി.സി കളും തുമ്പൂർമുഴി ഡി.എം.സിയും ടൂറിസ്റ്റുകളെ വിവിധ ഡെസ്റ്റിനേഷനുകളിലേയ്ക്ക് കൊണ്ടുപോകുന്നതിന് ഗതാഗത സൗകര്യം ഒരുക്കി വരുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ ഡി.ടി.പി.സിയും വനംവകുപ്പും സംയുക്തമായി വിനോദ സഞ്ചാരികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തി വരുന്നു.<br><br>കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി കുടുംബങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള സംരംഭമാണ് 'ഹോംസ്റ്റേകൾ' . മറ്റൊരു താമസ സംവിധാനമാണ് ടൂറിസം വകുപ്പിന്റെ കീഴിലുള്ള സർവ്വീസ്ഡ് വില്ലകൾ. അതുവഴി വിനോദസഞ്ചാരികൾക്ക് കേരളത്തിന്റെ തനതായ സംസ്കാരം മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. കാരവൻ ടൂറിസം പദ്ധതിയിലൂടെ വിനോദസഞ്ചാരികൾക്ക് തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതേവരെ പ്രശസ്തിയാർജ്ജിച്ചിട്ടില്ലാത്തതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് യാത്ര ചെയ്യാനും വിവിധ ആക്ടിവിറ്റികളിൽ ഏർപ്പെടാനും സഹായകരമാകും. പകൽസമയത്ത് സഞ്ചരിക്കുവാനും രാത്രികാലങ്ങളിൽ താമസിക്കുവാനും വേണ്ട സൗകര്യങ്ങളോടെയാണ് കാരവനുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. മിതമായ നിരക്കിൽ ഒരു റിസോർട്ടിലോ ഹോട്ടലിലോ ലഭിക്കുന്ന സൗകര്യങ്ങൾ ഓരോ കാരവനിലും ഉണ്ടാകും. പ്രധാനമായും സ്വകാര്യമേഖലയിലെ സംരംഭകരുടെ ഉടമസ്ഥതയിലാണ് കാരവനുകൾ സജ്ജമാക്കിയിട്ടുള്ളത്.<br><br>അൻപത് വർഷത്തിൻമേൽ പഴക്കമുള്ള വീടുകൾ, കേരളത്തനിമയിൽ പുതുക്കിപണിഞ്ഞ് വിനോദസഞ്ചാരികൾക്ക് മികച്ച താമസ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിയാണ് 'ഗൃഹസ്ഥലി'.<br><br>കൂടാതെ വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് പ്രയോജനകരമാകും വിധം ഉപയോഗപ്പെടുത്തുന്നതിന് സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിനു കീഴിൽ നിലവിൽ 24 അതിഥി മന്ദിരങ്ങളും 4 യാത്രി നിവാസുകളും പ്രവർത്തിക്കുന്നു. വിനോദസഞ്ചാരികൾക്ക്/ |

| | | | |
|---|---|---|---|
| | | | അതിഥികൾക്ക് മികച്ച നിലവാരത്തിലുള്ള താമസ സൗകര്യം അതിഥി മന്ദിരങ്ങളിൽ ഉറപ്പുവരുത്തുന്നു. കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ കോവളം, മൂന്നാർ, പൊൻമുടി, വർക്കല, മലമ്പുഴ എന്നിവിടങ്ങളിൽ ടൂറിസം ഡെസ്റ്റിനേഷന് വളരെ അടുത്തായി തന്നെ സർക്കാർ അതിഥി മന്ദിരങ്ങൾ ഉണ്ട്. വർക്കല. മൂന്നാർ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ നിലവിലുള്ള സർക്കാർ അതിഥി മന്ദിരങ്ങൾക്ക് പുറമെ സഞ്ചാരികൾക്ക് കൂടുതൽ താമസ സൗകര്യം ലഭിക്കാനായി വർക്കലയിൽ കോട്ടേജുകളുടേയും മൂന്നാറിൽ അക്കോമഡേഷൻ കോംപ്ലക്സിന്റെയും നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെട്ട ഇടുക്കി, പീരുമേട് ഇക്കോ ലോഡ്ജുകളും വിനോദസഞ്ചാരികൾക്കായി ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ എല്ലാ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും നഗരകേന്ദ്രങ്ങളിലും കെ.ടി.ഡി.സി.യുടെ ബജറ്റ് ഹോട്ടലുകളടക്കമുള്ള താമസ സൗകര്യങ്ങൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ